**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2631 10.12.2014-ൽ മറുപടിക്ക്**

**<u>ഞാറയ്ക്കൽ ആശുപത്രി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർമാരുടെ അഭാവം മൂലം ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിലെ കിടത്തി ചികിത്സ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുരുതരമായ ഈ സ്ഥിതി വിശേഷം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഞാറയ്ക്കൽ ആശുപത്രിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 5 എന്നിങ്ങനെ ഡോക്ടർമാരുടെ 6 തസ്തികകളാണ് നിലവിലുള്ളത്. അതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരിൽ 4 പേർ അവധിയിലാണ്. ഈ സാഹചര്യത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും അയ്യമ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ഓരോ അസിസ്റ്റന്റ് സർജൻമാരെ ടി ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ അയ്യമ്പിള്ളി പി.എച്ച്.സി-യിലെ അസിസ്റ്റന്റ് സർജനെ ശബരിമല ഡ്യൂട്ടിക്ക് നിയമിച്ചിരുന്നതിനാൽ ഈ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് 24X7 സേവനം താൽക്കാലികമായി നിർത്തിവച്ചത്. എന്നാൽ പ്രസ്തുത സേവനം 03.12.2014 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു സിവിൽ സർജനെ അഡ്ഹോക്ക് വ്യവസ്ഥയിലും, എൻ.ആർ.എച്ച്.എം മുഖേന 3 ഡോക്ടർമാരേയും നിയമിച്ചിട്ടുണ്ട്. |
| (ബി) ഞാറയ്ക്കൽ ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ? | (ബി) 6 ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്. |

Sobha

സെക്ഷൻ ഓഫീസർ